## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 19.06.2024 മുതൽ 23.06.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 25/2024 (49) ചൊവ്വാഴ്ച | തീയ്യതി 18/06/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 19.06. 2024 | 20.06.2024 | 21.06. 2024 | 22.06. 2024 | 23.06.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 12 | 10 | 6 | 11 | 30 |
| ഉയർന്ന താപനില (°C) | 31 | 31 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 4 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 270 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: 2024 ജൂൺ 18 മുതൽ 20 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ കാറ്റ് അനുഭവപ്പെടാൻ സാധ്യതയുണ്ട്.

SMS:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | മുളപ്പിച്ച പൊക്കാളി വിത്ത് കണ്ണിപ്പുറത്ത് വിതക്കാവുന്നതാണ്. ചെളികൊണ്ട് തേയ്ച്ചു പിടിപ്പിക്കുകയും വേണം. |
| വാഴ | ഇലകരിച്ചിൽ | ഗുരുതരമായി രോഗം ബാധിച്ച വാഴകളും ഇലകളും നീക്കം ചെയ്ത കൃഷിയിടം വൃത്തിയാക്കുക. കൃഷിസ്ഥലത്തു നീർ വാർച്ച ഉറപ്പാക്കുക. ഒരു ശതമാനം ബോർഡോ മിശ്രിതം പശയും ചേർത്തു തളിക്കുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ ഹെക്സകൊണസോൾ 5 EC ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തു തളിക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാൻ മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| പച്ചക്കറി | ഇലതീനി പുഴുക്കൾ | പുഴുക്കളോടൊപ്പം കീടം ബാധിച്ച സസ്യ ഭാഗങ്ങൾ നശിപ്പിക്കുക. തുടക്കത്തിൽ തന്നെ വേപ്പെണ്ണ എമൽഷൻ അല്ലെങ്കിൽ വേപ്പിൻ കുരു സത്ത് അല്ലെങ്കിൽ ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ഇവയിലേതെങ്കിലും തളിക്കുക. |

മൃഗസംരക്ഷണം-: ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy).